# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.458

## 28.02.2017-ലെ മറുപടിക്ക്

<u>ഇടക്കാല ബഡ്ജറ്റിലെ പദ്ധതികൾ</u>

| ചോദ്യം<br><br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ഉത്തരം<br><br>ഡോ. റ്റി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിൽ പറഞ്ഞ പദ്ധതികൾ ഈ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | ഇടക്കാല ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ ഒന്നും ഉപേക്ഷിച്ചിട്ടില്ല. എന്നാൽ ഇടക്കാല ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. വിവിധ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ നിരീക്ഷണം നടക്കുന്നുണ്ട്. കൂടാതെ സാമ്പത്തിക ആസൂത്രണ വകുപ്പും, ആസൂത്രണ ബോർഡും പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നുമുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | |

| | | |
|---|---|---|
| (സി) | ഇടക്കാല ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഒന്നും പുതിയ സർക്കാർ റദ്ദ് ചെയ്യുകയില്ലെന്ന് നിയമസഭയിൽ ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; | ഇല്ല. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ ഇടക്കാല ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാസർഗോഡ് നഗര വികസനത്തിനുള്ള 5 കോടി (ബഡ്ജറ്റ് പ്രസംഗം പേജ് നമ്പർ:19), ഇൻഡോർ സ്റ്റേഡിയം 2 കോടി (പേജ് നമ്പർ:53), കാസർഗോഡ് സിന്തറ്റിക്ക് സ്റ്റേഡിയം പത്ത് കോടി (ബഡ്ജറ്റ് പ്രസംഗം പേജ് നമ്പർ:53), എന്നീ പ്രവർത്തികൾക്കുള്ള ഭരണാനുമതി എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ? | ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികൾക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് ആണ്. ഭരണവകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം ഈ പദ്ധതികൾക്ക് ഭരണാനുമതി ഇതുവരെ നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**